(സി) നിയമനം പി.എസ്.സി.-ക്ക് വിട്ട ബാങ്കുകളിൽ പി.എസ്.സി. വഴി അല്ലാതെ നിയമനം നടത്തിയിട്ടുള്ളതുൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ സഹകരണ വിജിലൻസ് ഓഫീസർ/ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു. കൂടാതെ ജില്ലാ ബാങ്ക് ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർ മുഖാന്തരം നടത്തിയ അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ 2 തസ്തികയിലേക്കും 2 ഡ്രൈവർ തസ്തികയിലേക്കും 1 പ്യൂൺ തസ്തികയിലേക്കും പി.എസ്.സി. വഴി അല്ലാതെ ക്രമരഹിതമായി നിയമനം നടത്തിയിട്ടുണ്ട്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) റിപ്പോർട്ടുകൾ പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ കയർ സംഘങ്ങളുടെ നഷ്ടം എഴുതിത്തള്ളുന്നതിന് സ്വീകരിച്ച നടപടി

48 (1011) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ സംഘങ്ങളുടെ നഷ്ടം എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) കയർതൊഴിലാളികളുടെ കടം എഴുതിത്തള്ളിയ ഇനത്തിൽ എത്ര തുക സർക്കാരിന് ചെലവഴിക്കേണ്ടിവന്നു എന്നു വ്യക്തമാക്കുമോ ; ഇതിന്റെ ആനുകൂല്യം എത്ര പേർക്ക് ലഭിച്ചു എന്നു പറയാമോ ; പ്രോജക്ട് തിരിച്ച് ഇതിന്റെ കണക്ക് നൽകുമോ :

(സി) പ്രാഥമിക കയർ സംഘം ജീവനക്കാരുടെയും സ്മോൾ സ്കെയിൽ മാറ്റ്സ് & മാറ്റിംഗ് സംഘങ്ങളുടെ ജീവനക്കാരുടെയും ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ ; കയർ സഹകരണ മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കയർകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയർ മേഖലയ്ക്ക് ആവശ്യമായ പണം കയർ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; ഇതുവരെ ലഭിച്ച തുക എത്രയാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ നിയോഗിച്ച കയർ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും പ്രയോജനം ലഭിക്കുന്ന കയർ കടാശ്വാസ പദ്ധതി സർക്കാർ അംഗീകരിച്ച് 2009-10 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. നാളിതുവരെ 102 സംഘങ്ങൾക്കായി 2,11,49,271 രൂപയും 425 ചെറുകിട ഉല്പാദകർക്കായി 70,14,025 രൂപയും ഉൾപ്പെടെ ആകെ 2,81,63,296 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങളുടെ നഷ്ടം എഴുതിത്തള്ളുന്നതിന് അവയുടെ ബാധ്യതകൾ ആദ്യം തീർപ്പാക്കേണ്ടതുണ്ട്. 31-3-2006 വരെ 565 കയർ സഹകരണ സംഘങ്ങളുടെ 2255.19 ലക്ഷം രൂപയുടെ സർക്കാർ വായ്പയും പലിശയും ഓഹരിയാക്കി മാറ്റുകയും പിഴപലിശ എഴുതിത്തള്ളുകയും ചെയ്തു. കൂടാതെ ഇതേ കാലയളവിലുള്ള എൻ.സി.ഡി.സി. വായ്പ ഓഹരിയാക്കി മാറ്റുകയും പലിശ, പിഴപ്പലിശ എന്നിവ എഴുതിത്തള്ളുകയും ചെയ്തു. അതിനുശേഷമുള്ള ഓരോ സംഘത്തിന്റെയും ബാധ്യത പ്രത്യേകം കണക്കിലെടുത്തിട്ടില്ല. എന്നാൽ കയർ കടാശ്വാസ പദ്ധതി പ്രകാരം അർഹതയുള്ള സംഘങ്ങൾക്ക് തുക അനുവദിച്ചു വരുന്നുണ്ട്.

(ബി) നാളിതുവരെ 425 ചെറുകിട ഉല്പാദകർക്കായി 70,14,025 രൂപയും 120 സഹകരണ സംഘങ്ങൾക്കും 2,11,49,271 രൂപയും കടാശ്വാസം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) കയർ വ്യവസായ സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 2010-ൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. CM&MCS-ന്റെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. കയർ സഹകരണ മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2006-07 വർഷം മുതൽ നാളിതുവരെയായി 1,97,44,786 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ഡി) ലഭിച്ചിട്ടുണ്ട്. കയർ കമ്മീഷൻ ശിപാർശ ചെയ്ത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 2009-10 വർഷം 67.80 കോടി രൂപയും 2010-11 വർഷം 90.31 കോടി രൂപയും സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്.

കയർ ഉൽപ്പന്നങ്ങളുടെ ഉല്പാദനം

48 (1012) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിംഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2009-ൽ എത്രരൂപയുടെ കയർ ഉൽപ്പന്നങ്ങൾ കേരളത്തിൽ ആഭ്യന്തരമായി ഉല്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട് ; 2010-ൽ വിൽപ്പന വർദ്ധിപ്പിക്കാൻ കഴിഞ്ഞോ ; എത്രരൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാന സഹകരണ മേഖലയിൽ ഉല്പാദിപ്പിച്ച കയറും കയറുല്പന്നങ്ങളും കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് എന്നിവ മുഖാന്തരമാണ് പ്രധാനമായും വിറ്റഴിച്ചു വരുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ 2009-10, 2010-11 നടത്തിയ വില്പന സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly